(ബി) ഉണ്ടെങ്കിൽ അത്തരം അപകടത്തിൽപ്പെട്ട് മരിച്ചാൽ എത്ര രൂപയാണ് സഹായം നൽകുന്നത് ;

(സി) പ്രസ്തുത സഹായം ഈയിടെ നിർത്തലാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന് കാരണം വ്യക്തമാക്കാമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഉണ്ട്.

(ബി) 5,000 രൂപ

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

മോട്ടോർ തൊഴിലാളി ക്ഷേമനിധി

* 91. [92] ശ്രീ. ഇ. പത്മനാഭൻ :

,, വി. എസ്. ചന്ദ്രശേഖരൻ പിള്ള :

,, ഒ. ഭരതൻ ;

,, കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ തൊഴിലാളി ക്ഷേമനിധി നടപ്പിൽ വന്നത് ഏത് തീയതി മുതലാണ് ;

(ബി) ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് ഈ ക്ഷേമനിധി ബാധകമാക്കുന്നത് ;

(സി) എത്ര തൊഴിലാളികൾക്ക് ഈ നിയമം ബാധകമാകും ;

(ഡി) ഇതിനകം എത്ര തൊഴിലാളികൾക്ക് ബാധകമാക്കിയിട്ടുണ്ട് ;

(ഇ) എല്ലാ തൊഴിലാളികൾക്കും എത്ര കാലത്തിനകം ഇത് ബാധകമാക്കാൻ സാധിക്കുമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത് ;

(എഫ്) ഈ ക്ഷേമനിധി പദ്ധതിയിലാക്കാത്ത മാനേജുമെൻറുകൾക്കെതിരെ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ജി) ഇനിയും ഏതെങ്കിലും മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി നിയമംകൊണ്ടുവരണമെന്ന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നുമുതൽ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 1-4-1986 മുതൽ

(ബി) 1952-ലെ എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് നിയമം (39-ാം നമ്പർ കേന്ദ്രസർക്കാർ നിയമം) ബാധകമല്ലാത്ത മോട്ടോർ വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും ടി ക്ഷേമനിധി ബാധകമാണ്.

(സി) ഉദ്ദേശം 1.64 ലക്ഷം

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) പ്രോസിക്യൂഷൻ, റവന്യൂ റിക്കവറി തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) സംസ്ഥാനത്തെ ആർട്ടിസാൻസിനും വിദഗ്ദ്ധ തൊഴിലാളികൾക്കും വേണ്ടി ഒരു ക്ഷേമനിധി ആസൂത്രണം ചെയ്തുകഴിഞ്ഞു. അടുത്ത മാസം 3-ാം തീയതി ഉദ്ഘാടനം നടത്തണമെന്നാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly